## ALL INDIA RADIO THIRUVANANTHAPURAM

आकाशवाणी

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE : 01.09.2026**

## പ്രധാനവാർത്തകൾ

1. ഭീകരവാദത്തെ ഇല്ലായ്മ ചെയ്യാൻ ഒന്നിച്ചുനിൽക്കണമെന്ന് ഷാങ്ഹായ് സഹകരണ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. ചരിത്രപരമായ ബിഷ്കെക് പ്രഖ്യാപനത്തിൽ ഷാങ്ഹായ് രാജ്യങ്ങൾ ഒപ്പുവെച്ചു.
2. നീറ്റ് ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് നടന്ന വിദ്യാർത്ഥി പ്രതിഷേധങ്ങളിൽ രാജ്യവ്യാപകമായി രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറുകൾ റദ്ദാക്കി സുപ്രീം കോടതി.
3. സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിൽ ഈ മാസം 28ന് ഉപതിരഞ്ഞെടുപ്പ് . വോട്ടെണ്ണൽ 29 ന്.
4. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ആദ്യഘട്ട സുരക്ഷാ പരിശോധന പൂർത്തിയായി. റിപ്പോർട്ട് 15 ദിവസത്തിനകം സമർപ്പിക്കുമെന്ന് സമിതി അധ്യക്ഷൻ ബൽരാജ് ജോഷി.
5. അങ്കണവാടി കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന 'ബാല്യസ്പന്ദനം' പദ്ധതിക്ക് സംസ്ഥാനത്ത് നാളെ തുടക്കം.
6. കേരള ക്രിക്കറ്റ് ലീഗിൽ കൊല്ലം സെയിലേഴ്സിനെതിരെ , തൃശൂർ ടൈറ്റൻസിന് നാല് വിക്കറ്റ് ജയം.

**********************************************

RNU TVPM

## പ്രധാനമന്ത്രി

യുദ്ധം പ്രശ്നങ്ങൾക്ക് പരിഹാരമല്ലെന്നും, തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. കിർഗിസ്ഥാൻ തലസ്ഥാനമായ ബിഷ്കെക്കിൽ നടന്ന 26-ാമത് ഷാങ്ഹായ് സഹകരണ ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഭീകരവാദത്തെ ഇല്ലായ്മ ചെയ്യാൻ എല്ലാ അംഗരാജ്യങ്ങളും ഒന്നിച്ചുനിൽക്കണമെന്നും, ഭീകരതയ്ക്ക് അനുകൂലമായ ആവാസ വ്യവസ്ഥ പൂർണമായും ഇല്ലാതാക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ഷാങ്ഹായ് സഹകരണ സംഘടനയുടെ 25-ാം വാർഷികത്തോട് അനുബന്ധിച്ച് ചരിത്രപരമായ ബിഷ്കെക് പ്രഖ്യാപനത്തിലും അംഗരാജ്യങ്ങൾ ഒപ്പുവെച്ചു. രണ്ട് ദിവസത്തെ കിർഗിസ്ഥാൻ സന്ദർശനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി ന്യൂഡൽഹിയിലേക്ക് മടങ്ങി.

****************************************

## നീറ്റ് ചോദ്യപേപ്പർ -സുപ്രീംകോടതി

നീറ്റ് ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് ജൂലൈ 20 മുതൽ 25 വരെ നടന്ന വിദ്യാർത്ഥി പ്രതിഷേധങ്ങളിൽ രാജ്യവ്യാപകമായി രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറുകൾ സുപ്രീം കോടതി റദ്ദാക്കി. ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ചിന്റെതാണ് നടപടി. ഇതുമായി ബന്ധപ്പെട്ട് പുതിയ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യരുതെന്നും നിർദ്ദേശമുണ്ട്. എന്നാൽ ഗുരുതര ക്രിമിനൽ പശ്ചാത്തലമുള്ള 2,873 പേർക്കെതിരെ ഡൽഹി പൊലീസെടുത്ത ഒരു കേസ് തുടരാൻ കോടതി അനുമതി നൽകി. കോടതി ഉത്തരവിനെ തുടർന്ന് ഈ മാസം 5-ന് നടത്താനിരുന്ന പ്രതിഷേധ മാർച്ച് പിൻവലിച്ചതായി കോക്രോച്ച് ജനതാ പാർട്ടി അറിയിച്ചു. സിജെപി തീരുമാനത്തെ കേന്ദ്രസർക്കാർ സ്വാഗതം ചെയ്തു.

RNU TVPM

************************************

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്ക് ഈ മാസം 28ന് ഉപതിരഞ്ഞെടുപ്പ് നടക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എൻ. ശേഷാദ്രിനാഥൻ. രാവിലെ ഏഴു മുതൽ വൈകിട്ട് ആറുമണിവരെയാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 29ന് നടക്കും. മാതൃകാ പെരുമാറ്റച്ചട്ടം ഇന്ന് മുതൽ പ്രാബല്യത്തിൽ വന്നു. തിരഞ്ഞെടുപ്പ് വിജ്ഞാപനം മറ്റന്നാൾ പുറപ്പെടുവിക്കും. നാമ നിർദ്ദേശ പത്രിക മറ്റന്നാൾ മുതൽ ഈ മാസം 10 വരെ സമർപ്പിക്കാം. സൂക്ഷ്മപരിശോധന 11 ന് നടക്കും. പത്രിക പിൻവലിക്കാൻ ഈ മാസം 14 വരെയാണ് അവസരം.

************************************

## വി.ഡി. സതീശൻ

RNU TVPM

ഉന്നതവിദ്യാഭ്യാസ മേഖലയെ ആഗോള തൊഴിൽ വിപണിയ്ക്ക് അനുസരിച്ച് പുനസംഘടിപ്പിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. എൻ.ഐ.ടി. കാലിക്കറ്റിന്റെ 66-ാം സ്ഥാപക ദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. സാമൂഹിക-സാമ്പത്തിക വികസനത്തിനുള്ള പ്രധാന ഉപകരണമായി ഉന്നതവിദ്യാഭ്യാസത്തെ മാറ്റുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

************************************

## എം ലിജു (ഇ ൻട്രോ)

മദ്യനയവുമായി ബന്ധപ്പെട്ട ചർച്ചകൾ ഈ മാസത്തോടെ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി മന്ത്രി എം.ലിജു. ബാറുകൾ കുറയ്ക്കുക എന്നതാണ് സർക്കാർ ലക്ഷ്യമെന്നും, കൂട്ടായ ചർച്ചകളിലൂടെ തീരുമാനം

കൈക്കൊള്ളുമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥരോട് വിട്ടുവീഴ്ചയില്ലാ നയമാണ് സർക്കാരിനുള്ളത്. അഴിമതി നടത്തുന്നവർക്കെതിരെ കർശന നടപടി ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്.........)

***********************************

## മുല്ലപ്പെരിയാർ

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ആദ്യഘട്ട സുരക്ഷാ പരിശോധന പൂർത്തിയായി. പരിശോധനാ റിപ്പോർട്ട് 15 ദിവസത്തിനകം ദേശീയ ഡാം സുരക്ഷാ അതോറിറ്റിക്ക് സമർപ്പിക്കുമെന്ന് സമിതി അധ്യക്ഷൻ ബൽരാജ് ജോഷി അറിയിച്ചു. അണക്കെട്ടിന്റെ സമഗ്ര സുരക്ഷയും ഭൂകമ്പ പ്രതിരോധ ശേഷിയും വിലയിരുത്തുന്നതിനായി സുപ്രീം കോടതി നിർദേശപ്രകാരമാണ് കേന്ദ്ര സംഘം മൂന്ന് ദിവസത്തെ പരിശോധന നടത്തുന്നത്.

RNUTVPM

***********************************

## അങ്കണവാടി കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണം - ഇൻട്രോ

അങ്കണവാടി കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന 'ബാല്യസ്പന്ദനം' പദ്ധതിക്ക് സംസ്ഥാനത്ത് നാളെ തുടക്കമാകും. തിരുവനന്തപുരം കൊടുങ്ങാനൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ മന്ത്രി ബിന്ദു കൃഷ്ണ ഉദ്ഘാടനം നിർവഹിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.........**

(വോയിസ്)

*******************************************

## ലോക നാളികേര ദിനം

നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ ലോക നാളികേര ദിനത്തിൻറെ ദേശീയതല ആഘോഷം നാളെ തിരുവനന്തപുരത്ത് നടക്കും. മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം നിർവ്വഹിക്കും. കേന്ദ്ര കൃഷി സഹമന്ത്രി രാം നാഥ് ഠാക്കൂർ ചടങ്ങിൽ വിശിഷ്ടാതിഥിയാവും. ദേശീയ നാളികേര പുരസ്കാരങ്ങൾ കേന്ദ്രമന്ത്രി വിതരണം ചെയ്യും. ആയിരത്തിലധികം നാളികേര കർഷകർ പരിപാടിയിൽ പങ്കെടുക്കും.

*******************************************

## മനുഷ്യ-വന്യജീവി സംഘർഷം

RNU TVPM

വനാതിർത്തികളിലെ ജനവാസമേഖലകളിൽ അനുഭവപ്പെടുന്ന മനുഷ്യ വന്യജീവി സംഘർഷങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്താൻ കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് വനം വന്യജീവി വകുപ്പിൻറെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് നാളെ യോഗം ചേരും.

മന്ത്രിമാരും, വനാതിർത്തി മണ്ഡലങ്ങളെ എംഎൽഎമാരും എംപിമാരും പങ്കെടുക്കുന്ന യോഗം നിയമസഭാ ബാങ്ക്വെറ്റ് ഹാളിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും.

*******************************************

## എയർഫോഴ്സ് മ്യൂസിയം

നവീകരിച്ച വ്യോമസേനാ മ്യൂസിയത്തിൻറെ ഉദ്ഘാടനം ദക്ഷിണ വ്യോമസേനാ മേധാവി എയർമാർഷൽ ജസ്‌വീർ സിംഗ് മാൻ

നാളെ തിരുവനന്തപുരം ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ ഉദ്ഘാടനം ചെയ്യും. വ്യോമസേനാ യുദ്ധ വിമാനങ്ങളുടെയും ഹെലികോപ്റ്റർകളുടെയും മാതൃകകളും, മിസൈൽ, ഗൺ തുടങ്ങിയവയും മ്യൂസിയത്തിൽ ഒരുക്കിയിട്ടുണ്ട്.

*********************************

## നേപ്പാൾ

നേപ്പാൾ മിന്നൽ പ്രളയത്തിൽ മരണം 987 ആയി. മഴയും, നദികളിലെ ജലനിരപ്പ് ഉയരുന്നതും, പുതിയ പ്രളയ മുന്നറിയിപ്പും രക്ഷാപ്രവർത്തനം ദുഷ്കരമാക്കിയിട്ടുണ്ട്. 4,000 പേരെയാണ് ഇനി കണ്ടെത്താനുള്ളത്. ദുരന്തമുഖത്തുനിന്ന് ഇതുവരെ 12,000 ത്തോളം ആളുകളെ രക്ഷപ്പെടുത്തി സുരക്ഷിത സ്ഥാനങ്ങളിലേക്കെത്തിച്ചു.

*********************************

## കെ സി എൽ

കേരള ക്രിക്കറ്റ് ലീഗിൽ കൊല്ലം സെയ്ലേഴ്സിനെതിരെ തൃശൂർ ടൈറ്റൻസിന് 4 വിക്കറ്റ് ജയം. സെയിലേഴ്സ് ഉയർത്തിയ 160 റൺസ് വിജയലക്ഷ്യം, തൃശൂർ ടൈറ്റൻസ് 19.2 ഓവറിൽ മറികടന്നു.

*********************************

## ഓഹരി/സ്വർണവില

രാജ്യത്തെ ഓഹരിവിപണികളിൽ നേരിയ നഷ്ടം. സെൻസെക്സ് 13 പോയിന്റ് താഴ്ന്ന് 76,944 ലും നിഫ്റ്റി 25 പോയിന്റ് നഷ്ടത്തിൽ 24,056 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണവില കുറഞ്ഞു. പവന് 1,360 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 13,720 രൂപയും ഗ്രാമിന് 14,215 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

RNU TVPM

## നേപ്പാൾ

നേപ്പാളിലെ തൃശൂലി-3A ജലവൈദ്യുത പദ്ധതി പ്രദേശത്ത് തുരങ്കങ്ങൾക്കുള്ളിൽ കുടുങ്ങിക്കിടക്കുന്ന 600 ലധികം തൊഴിലാളികളെ പുറത്തെടുക്കാനുള്ള ശ്രമം തുടരുന്നു. ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 939 ആയി. 3,925 പേരെ കാണാതായി. ജലവൈദ്യുത പദ്ധതി പ്രദേശങ്ങളിൽ നിന്ന് ഇതുവരെ 279 പേരെ രക്ഷപ്പെടുത്തിയിട്ടുണ്ട്.

*****************************************

## ഡോ. ജെ രാമചന്ദ്രൻ നായർ

ഹിന്ദി സാഹിത്യകാരനും വിവർത്തകനുമായ ഡോ. ജെ രാമചന്ദ്രൻ നായർക്ക് വിടയേകി ജന്മനാട്. എറണാകുളം രവിപുരം ശ്മശാനത്തിൽ ഭൗതിക ദേഹം സംസ്കരിച്ചു. കേന്ദ്ര സർക്കാരിൻ്റെ വിവിധ വകുപ്പുകളിൽ ഉപദേശക സമിതി അംഗം, ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ ഭരണസമിതി അംഗം തുടങ്ങിയ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

*****************************************************************************************************************************

************************************************************

RNU TVPM